**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **26-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കിടങ്ങറ സർക്കാർ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിച്ചത് പോലെ ഈ പ്രദേശത്തെ കൂടുതൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് നിയോജക മണ്ഡലത്തിലെ കിടങ്ങറ ഗവ.ഹൈസ്കൂളിന്റെ നിർമ്മാണം 5 കോടി കിഫ്ബി ഫണ്ടിലു ൾപ്പെടുത്തി പൂർത്തിയാക്കിയിരുന്നു. കൂടാതെ ഗവ.എച്ച്.എസ്.വിയ്യപുരം സ്കൂളിന് 1 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾ നവീകരിക്കുന്നത് സംബന്ധിച്ച പ്രോപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | കുട്ടനാട്ടിലെ മുഴവൻ സർക്കാർ വിദ്യാലയങ്ങളിലും എൻസിസി, സ്കൗട്ട്സ്, എൻഎസ്എസ് തുടങ്ങിയ സംവിധാനങ്ങൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സ്കൂൾ അധികൃതരാണ് എൻ.സി.സി, സ്കൗട്ട് & ഗൈഡ് യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്. കുട്ടനാട്ടിലെ സർക്കാർ വിദ്യാലയങ്ങളിൽ എൻ.സി.സി, സ്കൗട്ട് & ഗൈഡ് എന്നീ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ അതാത് സ്കൂൾ അധികൃതർ നേരിട്ട് എൻ.സി.സി, സ്കൗട്ട് & ഗൈഡ്സ് എന്നീ കാര്യാലയങ്ങളിൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ